107 (687) **ജനകീയാസൂത്രണത്തിന് അനുവദിച്ച തുക**

പ്രൊഫ: എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയനുസരിച്ച് എന്തു തുക വിവിധ തലങ്ങളിലായി നടപ്പുസാമ്പത്തിക വർഷം അനുവദിക്കുകയുണ്ടായി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എന്തു തുക ഇതിൽ നിന്നും ഓരോ തലത്തിലും വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ജില്ലാടിസ്ഥാനത്തിൽ എത്ര പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷം അംഗീകാരം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം 2000 ജനുവരി 31 വരെ ജനകീയാസൂത്രണ പദ്ധതിയുടെ അടങ്കൽ തുകയുടെ എത്ര ശതമാനം വിനിയോഗിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 31.3.2000-ന് ശേഷമേ വിവരം ലഭ്യമാകുകയുള്ളൂ.

(സി)&(ഡി) വിവരം ശേഖരിച്ചു വരുന്നു.

108 (688) **ജനകീയാസൂത്രണ പദ്ധതിപ്രകാരം ചെലവഴിച്ച തുക**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം നാളിതു വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഗുണഭോക്തൃ സമിതികൾക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ജനകീയാസൂത്രണ പദ്ധതി പ്രകാരം ലക്ഷക്കണക്കിനു രൂപ ചെലവഴിയ്ക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള ഓഡിറ്റ് സമ്പ്രദായം അപര്യാപ്തമായതിനാൽ ഫലപ്രദമായ ഓഡിറ്റ് സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് കണക്കാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

(ബി) പദ്ധതി വിഹിതം ഗുണഭോക്തൃസമിതികൾക്കായി അനുവദിയ്ക്കുന്നില്ല. തുക ഓരോ പ്രോജക്ടുകളുടേയും നിർവഹണത്തിനായാണ് ഉപയോഗിക്കുക. മരാമത്തുപണികളുടെ നിർവഹണം ഗുണഭോക്തൃ സമിതി

LIBRARY ARCHIVES Kerala Legislative Assembly